പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2664 **28-10-2026-ൽ മറുപടിയ്ക്ക്**

മണ്ണ്-ജല സംരക്ഷണ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പ്രവൃത്തികൾ **അനുബന്ധം I** ആയി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി വഴി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പ്രൊജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ, ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളതെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ;

മറുപടി: പ്രസ്തുത പദ്ധതി വഴി കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മണ്ഡലത്തിൽ NABARD XXIX - Construction of a vented weir cum bridge across Manatty River at Manatty in Chapparapadavu Panchayath എന്ന പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 16/09/2023-ന് 1,000 ലക്ഷം രൂപയുടെ ഭരണാനുമതിയും 14/11/2023-ന് 1,000 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കിയിരുന്നു. പ്രവൃത്തി ടെൻഡർ ചെയ്യുകയും ബർക്ക എഞ്ചിനിയറിംഗ് കമ്പനി, കാസറഗോഡ് എന്ന സ്ഥാപനം കരാറുടമ്പടിയിലേർപ്പെടുകയും 06/06/2024-ന് കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) തളിപ്പറമ്പ് മണ്ഡലത്തിൽ നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മണ്ണ്-ജല സംരക്ഷണം, തടയണകളുടെ നിർമ്മാണം, കിണർ റീചാർജ്ജ് തുടങ്ങിയ പദ്ധതികളുടെ നിലവിലുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

മറുപടി: തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന NABARD XXIX - Construction of a vented weir cum bridge across Manatty River at Manatty in Chapparapadavu Panchayath, എന്ന പ്രവൃത്തിയുടെ ഭൗതിക പുരോഗതി 30% ആണ്. സാമ്പത്തിക പുരോഗതി സംബന്ധിച്ച് 75,08,909/- രൂപയുടെ First & Part Bill തയ്യാറാക്കിയിട്ടുണ്ടെങ്കിലും, കരാർ ഏറ്റെടുത്ത കമ്പനിയുടെ ഡയറക്ടർ ബോർഡിലുണ്ടായ മാറ്റങ്ങളെ തുടർന്ന് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ കാലതാമസം കാരണം നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ ബിൽ നൽകുവാൻ സാധിച്ചിട്ടില്ല.

(ഡി) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള പ്രവൃത്തി പുരോഗതി കൈവരിക്കുവാൻ കരാറുകാരന് സാധിച്ചിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാരന് നേരിട്ടും തപാൽ മുഖേനയും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്ത പക്ഷം കരാർ ഉടമ്പടി പ്രകാരമുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുമെന്നും കരാറുകാരനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം I

Sl no.	Tranche	Project Name
1	28	Construction of SWE regulator on U/S of old Chithari RCB across Chithari river in Kasargod District.
2	29	NABARD RIDF XXIX-Construction of a vented weir cum bridge across Manatty river in Chapparapadavu at Manatty Panchayath, Taliparamba constituency in Kannur District
3	30	Interlinking of Bharathappuzha and Biyyam Lake in Ponnani Taluk, Malappuram District
4	30	Improving irrigation facilities and flood damage control-Construction of series of VCB's and renovation works across Kattappanayar at Kattappana Municipality and Kanchiyar Panchayath in Idukki Constituency
5	30	Construction of VCB cum bridge, Series of Lift Irrigation at VCB & Pazhyarikandam Kuthu in Kanjikuzhy Grama Panchayath in Idukki Constituencey
6	31	Re-construction of Salt Water Extrusion cum Bridge (SWECB) across Kumbla River at Kanchikkatta in Kasaragod District
7	27	NABARD XXVII-Construction of SWECB RCB across Shiriya river at Bambrana in Kumbala Panchayath , Kasaragod District.
8	28	NABARD- T.S/Canal - bridge at Kadakom - Construction of road bridge across T.S.Canal at Kadakom in Chirayikeezhu Panchayath
9	29	Construction of a Lock cum Bridge at Ch. 329.756 km of West Coast Canal near Koottayi RCB in Tirur-Ponnani Puzha in Mangalam Grama Panchayath, Malappuram District
10	30	Badagara - Mahe Canal- Vth reach-Construction of a Road Bridge across Badagara Mahe Canal at Thayyilpalam in Kozhikode District
11	30	Construction of Arch Bridge across Badagara Mahe Canal at Kaliyamvally in Kozhikode District (Ch.464.160 km).

12	28	Improvements to Perumthuruthukari Padsekharam in Mannanchery Panchayat in Alappuzha Constituency
13	28	Assistance for Kuttanad – Flood mitigation programme in Vadakkekari Madathanikkari Padasekharam in Pulicunnu Grama Panchayath.
14	28	Assistance for Kuttanad – Flood mitigation programme in Pullattu Padasekharam in Kainakary Grama Pachayath in Kuttanad LA Constituency.
15	28	Renovation to Group of Padasekharams (Nadayil Kizhakkuvasham, Piliyeekal Mulleymoola, Manackattu Kizhakku) in Pallippad Panchayat of Haripad Constituency

Sandhya

സെക്ഷൻ ഓഫീസർ